നിവാരണത്തിന് മരുന്ന് തളിക്കുന്ന പരിപാടിയുണ്ടായിരുന്നു. അത് ഈ Warehousing Corporation-നെ ഏൽപ്പിച്ചു. 24 കോടി രൂപ എവിടെപ്പോയി എന്നറിയില്ല, അതും അവർ വെട്ടിച്ചെടുത്തിരിക്കുകയാണ്. അതുകൊണ്ട് നിർബന്ധമായും കൃഷിക്കാർക്ക് ലഭിക്കേണ്ട 8 കോടി രൂപ ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)* : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങൾ കുറേ ശരിയാണ്. ഇതിനുവേണ്ടി 10 കോടി രൂപ അനുവദിച്ചു. അതിൽ 7 കോടി രൂപ വിനിയോഗിച്ച് ഇടുക്കി, വയനാട്, കോഴിക്കോട് എന്നീ ജില്ലകളിൽ കുരുമുളക് റീപ്ലാന്റേഷൻ നടത്തുന്നതിനായി അനുവാദം നൽകിയിരുന്നു. അത് വിതരണം ചെയ്യുന്നതിന് ചില ഡയറക്ഷനുകളും കൊടുത്തിട്ടുണ്ട്. ആ ഡയറക്ഷനുകളും വിപരീതമായി ചിലർ വിതരണം ചെയ്തതായാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്. അതിനുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് നടപടി എടുത്തുവരികയാണ്.

(6) ചിറ്റൂർ താലൂക്കിലെ പലകപ്പാണ്ടി പദ്ധതി

ശ്രീ. കെ. എ. ചന്ദൻ: സർ, പാലക്കാട് ജില്ലയിൽ പൊതുവേ അനുഭപ്പെടുന്നതും ചിറ്റൂർ താലൂക്കിൽ പ്രത്യേകമായി ഉണ്ടായിക്കൊണ്ടിരിക്കുന്നതുമായ രൂക്ഷമായ ജലക്ഷാമംമൂലം ഉണ്ടാകുന്ന കെടുതികളും കുടിവെള്ള ക്ഷാമവും ഒഴിവാക്കുന്നതിന് രൂപകൽപ്പന ചെയ്ത പലകപ്പാണ്ടി പദ്ധതി സമയ ബന്ധിതമായി നടപ്പിലാക്കേണ്ട അടിയന്തിരാവശ്യം സംബന്ധിച്ചാണ് ഞാൻ സബ്മിഷൻ ഉന്നയിക്കുന്നത്. കൊടുംവരൾച്ച അനുഭവപ്പെട്ട മുൻവർഷം മുൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി വരൾച്ച ബാധിത പ്രദേശങ്ങൾ സന്ദർശിച്ച് മുതലമട, കൊല്ലംകോട്, എലവഞ്ചേരി പഞ്ചായത്ത് പ്രദേശത്തെ വരൾച്ച പരിഹരിക്കുന്നതിനായി അംഗീകരിച്ച വരൾച്ച നിവാരണ പദ്ധതിയാണ് പലകപ്പാണ്ടി പദ്ധതി. ഇതിന് 9.10 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും 1.82 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതി യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കാൻ ഇന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയും, ജലവിഭവ വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും മുൻകൈയെടുത്തതിന്റെ ഫലമായി പദ്ധതി നിർമ്മാണ പ്രവർത്തനവും പുരോഗതിയും മോണിറ്റർ ചെയ്യുന്നതിനായി ജലവിഭവം, വനം, റവന്യൂ, ധനകാര്യം എന്നീ വകുപ്പ് സെക്രട്ടറിമാരുടെ ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എന്നാലും ഇത് സമയബന്ധിതമായി നടപ്പിലാക്കുന്നതിന് വനം വകുപ്പിന് കൈമാറാനുള്ള സ്ഥലം സ്വകാര്യ വ്യക്തികളിൽ നിന്നും ഏറ്റെടുക്കാനുള്ള അനുമതി ഇതുവരെ ലഭ്യമായിട്ടില്ല. വനം വകുപ്പിന്

LIBRARY ARCHIVES Kerala Legislative Assembly

നൽകാനാവശ്യമായ തുകയുണ്ടെങ്കിലും ലറ്റർ ഓഫ് ക്രഡിറ്റ് ലഭിച്ചിട്ടില്ല. സ്ഥലമെടുപ്പിന് സ്വകാര്യ ഭൂമിയുടെ ഉടമസ്ഥരുമായി നെഗോസിയേഷൻ നടത്തി വില തീരുമാനിച്ച് നൽകാൻ ഉത്തരവുണ്ടായിട്ടില്ല. ഈ പദ്ധതി സംബന്ധിച്ച ഡിസൈൻ പൂർത്തിയാക്കി കഴിവതും വേഗം ടെൻഡർ നൽകേണ്ടതാണ്. പദ്ധതി നടപ്പിലാക്കുന്നതിന് ചിറ്റൂർ പുഴ പദ്ധതി ഡിവിഷനിലേക്ക് അത്യാവശ്യം വേണ്ട ജീവനക്കാരെ നിയോഗിക്കണം. ഈ വക കാര്യങ്ങൾ അടിയന്തിരമായി ചെയ്താൽ ഇത് യുദ്ധകാലാടിസ്ഥാനത്തിൽ നമുക്ക് പൂർത്തിയാക്കാനും വറ്റിവരണ്ട കൊല്ലങ്കോട് നിയോജകമണ്ഡലത്തിൽ കുടിവെള്ളത്തിനും കൃഷിക്കും സഹായകമാക്കുവാനും കഴിയും. അതുകൊണ്ട് ഈ പദ്ധതി നടപ്പിലാക്കാൻ വേണ്ട നടപടി ഉണ്ടാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)* : സർ, ബഹുമാനപ്പെട്ട അംഗം ചന്ദ്രേട്ടൻ സൂചിപ്പിച്ചതുപോലെ ഈ പദ്ധതി ആരംഭിക്കുന്നതിനുവേണ്ടി ത്വരിതഗതിയിൽ ശ്രമം നടന്നു. മുൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി അന്ന് ഈ വരൾച്ചാബാധിത പ്രദേശം സന്ദർശിച്ചതും വളരെ സഹായകരമായിട്ടുണ്ട്. ഈ പദ്ധതി വളരെ വേഗത്തിൽ മുന്നോട്ടുകൊണ്ടു പോകാനാണ് ഗവണ്മെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അർജൻസി ക്ലോസ് അനുസരിച്ച് സർക്കാർ ഈ ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ മോണിറ്ററിംഗ് നടത്തുന്നതിനുവേണ്ടി നാല് പ്രിൻസിപ്പൽ സെക്രട്ടറിമാർ ചേർന്ന ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അതിൽ ജലവിഭവ വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറാണ്. ധനം, റവന്യൂ, വനം എന്നീ വകുപ്പുകളിലെ പ്രിൻസിപ്പൽ സെക്രട്ടറിമാർ അതിനകത്ത് അംഗങ്ങളാണ്. ഇതിന്റെ മോണിറ്ററിംഗ് കാലാകാലങ്ങളായിട്ട് നടത്തിക്കൊണ്ടിരിക്കുകയാണ് വനംവകുപ്പിൽനിന്നും സ്ഥലം വിട്ടുകിട്ടുന്നതിനുവേണ്ടി, അത്രയും സ്ഥലത്ത് വനം വച്ചുപിടിപ്പിക്കുന്നതിനുള്ള ഭൂമി കണ്ടെത്തിക്കൊടുക്കേണ്ടതായിട്ടുണ്ട്. അത് കണ്ടെത്തുന്നതിനുള്ള നടപടി യെടുത്തുകഴിഞ്ഞു. മാത്രമല്ല ഈ അടുത്ത കാലത്ത് വനം വകുപ്പിലേയും ജലവിഭവ വകുപ്പിലേയും ഉദ്യോഗസ്ഥന്മാരും ഞാനും കൂടിയിരുന്ന് ഇത് കൊടുക്കുന്നതിനുള്ള സത്വര നടപടി എടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ബാംഗ്ലൂരിലെ പരിസ്ഥിതി റീജിയണൽ ഓഫീസിൽനിന്നും ഇതിനുള്ള ക്ലിയറൻസ് അടിയന്തിരമായി കിട്ടും എന്നു പ്രതീക്ഷിക്കുന്നു. അതൊടൊപ്പംതന്നെ നെഗോഷ്യേറ്റ് ചെയ്ത് ഈ ഭൂമി ഏറ്റെടുക്കാനുള്ള നടപടികളിലേക്ക് പോകുകയാണ്. അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ ഇനി ലെറ്റർ ഓഫ് ക്രെഡിറ്റിന്റെ കാര്യം മാത്രമേയുള്ളൂ എങ്കിൽ ഗൗരവപൂർവ്വം ഗവണ്മെന്റിന് അത് പരിഗണിക്കാൻ കഴിയും. അതുകൊണ്ട് ഈ പദ്ധതി കഴിയുന്നത്ര വേഗം പൂർത്തിയാക്കുന്നതിന് നടപടിയെടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly